**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 713** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യ്ക്ക് നിലവിൽ വിവിധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും വ്യക്തികളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കുവാൻ ഉണ്ട്; വിശദവിവരം നൽകുമോ; | (എ) | 30.06.2023-ലെ ക്രോഡീകരിച്ച കണക്ക് (താത്കാലികം) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. 30.06.2023 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ കണക്കുകൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്.<br><br>2023 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് എച്ച്.റ്റി./ ഇ.എച്ച്.റ്റി. വിഭാഗങ്ങളിൽ നിന്നും ആകെ 2252.33 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇതിൽ 375.6 കോടി രൂപ വിവിധ തരത്തിലുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുടിശ്ശികയിനത്തിൽ 300.84 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. |
| (സി) | സ്വകാര്യ-വൻകിട ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ ഇവയിൽ നിന്നുമുള്ള ഭീമമായ വൈദ്യുതി ചാർജ്ജ് കുടിശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (സി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുക വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വൈദ്യുതി ബോർഡ് പലപ്പോഴായി നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും |

| | | | |
|---|---|---|---|
| | | | ആയത് വഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.<br><br>കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകുകയും ചെയ്യുന്നുണ്ട്. പലപ്പോഴായി KSERC-യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016 ലും 2018 ലും 2019 ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു .<br><br>നിലവിൽ 20.07.2023 മുതൽ 30.12.2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

30/06/2023 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ കണക്കുകൾ

| | | |
|---|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | - | 141.43 കോടി രൂപ |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | - | 1768.80 കോടി രൂപ |
| കേന്ദ്രസർക്കാർ വകുപ്പുകൾ | - | 2.09 കോടി രൂപ |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | - | 110.42 കോടി രൂപ |
| ഗാർഹിക ഉപഭോക്താക്കൾ | - | 389.81 കോടി രൂപ |
| സ്വകാര്യ സ്ഥാപനങ്ങൾ | - | 1086.15 കോടി രൂപ |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | - | 6.74 കോടി രൂപ |
| പൊതു സ്ഥാപനങ്ങൾ | - | 64.51 കോടി രൂപ |
| മറ്റിതര സ്ഥാപനങ്ങൾ | - | 15.74 കോടി രൂപ |
| **ആകെ** | - | **3585.69 കോടി രൂപ** |

**സെക്ഷൻ ഓഫീസർ**